കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## മാർച്ച് 2019




## പ്രൈസസ് വിഭാഗം

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
തിരുവനന്തപുരം

2019

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി


നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

**<u>സന്ദേശം</u>**

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram


141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക്, കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേറററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

12-04-2019 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളം അതിരുക്ഷമായ ഒരു വരൾച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് കേരളത്തിലെ ആഘോഷങ്ങളിൽ ഓണം , വിഷു എന്നിവയ്ക്കുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ് . ഇക്കഴിഞ്ഞ ഓണം പ്രളയത്തിൽ മുങ്ങി ഇല്ലാതായെങ്കിൽ വിഷു വെയിലേറ്റ് കരിഞ്ഞമരുന്ന കാഴ്ചയാണ് കാണുന്നത്. വേനൽ മഴയിൽ കേരളത്തിൽ ഏതാണ്ട് 60 ശതാനത്തോളം കുറവ് ഉണ്ടായതായാണ് കാലാവസ്ഥ വകുപ്പിൽ നിന്നുള്ള റിപ്പോർട്ട്. മാർച്ച് ഒന്ന് മുതലുള്ള കണക്ക് പ്രകാരം വയനാട് കൊല്ലം ജില്ലകളിൽ സാധാരണ തോതിലുള്ള മഴ ലഭിച്ചപ്പോൾ കാസർഗോഡ് ജില്ലയിൽ തീരെ മഴ ലഭിച്ചില്ല , പത്തനംതിട്ടയിൽ മഴയുടെ അളവ് കുറഞ്ഞപ്പോൾ മറ്റ് എല്ലാ ജില്ലകളിലും മഴയുടെ അളവ് വളരെ കുറവായി രേഖപ്പെടുത്തി. സ്വകാര്യ കാലാവസ്ഥ സ്ഥാപനം അതിന്റെ റിപ്പോർട്ടിൽ 2019-ൽ എൽ നിനോ പ്രതിഭാസം രൂപപ്പെടാനുള്ള സാധ്യത എഴുപത് ശതമാനത്തോളമാണെന്നു റിപ്പോർട്ട് ചെയ്യുന്നു.എൽനിനോ പ്രതിഭാസം രൂപപ്പെടുകയാണെങ്കിൽ അത് ഇന്ത്യയിൽ കാലാവർഷക്കാലത് മഴയുടെ അളവ് കുറയുന്നതിനും രുക്ഷമായ വരൾച്ചയ്ക്ക് കരണമാവുന്നതുമാണ് ഇത് കാർഷിക വിളകളുടെ കനത്ത തോതിലുള്ള കുറവിനും അതുവഴി വിലക്കയറ്റത്തിനും ഇടയുണ്ടാവാൻ സാധ്യതയുണ്ട്.

നിലവിൽ രൂക്ഷമായ വരൾച്ചയിൽ വ്യാപകമായ തോതിൽ കൃഷി നാശം റിപ്പോർട്ട് ചെയ്തിട്ടുണ്ട് നെല്ല് ,വാഴ ,തെങ്ങ്,പച്ചക്കറികൾ,സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങി ഏതാണ്ട് എല്ലാ ഇനം വിളകളുടെയും കൃഷിയെ വരൾച്ച കാര്യമായി ബാധിച്ചിട്ടുണ്ടെന്നാണ് എല്ലാ ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് നെൽകൃഷിയെയെന്ന് വരൾച്ച കാര്യമായി ബാധിച്ചിരിക്കുന്നത് . ഇതിനകം തന്നെ പച്ചക്കറികളുടെ വില കാര്യമായി വർദ്ധിച്ചു തുടങ്ങിട്ടുണ്ട് വിഷു അടുക്കുന്നതോടെ പച്ചക്കറികളുടെ വില വീണ്ടും ഉയരാനാണ് സാധ്യത .വരൾച്ചകാരണം തെങ്ങുകളിൽ നിന്നും ധാരാളമായി മച്ചിങ്ങ പൊഴിഞ്ഞു പോകുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു ഇത് വരും മാസങ്ങളിൽ നാളികേരത്തിന്റെ ഉല്പാദനത്തെയും അതുവഴി തേങ്ങയുടെയും വെളിച്ചണ്ണയുടെയും വിലയേയും ബാധിക്കാനിടയുണ്ട്..

ഇന്ത്യയിലെ ഏതാണ്ട് ഒട്ടുമിക്ക കാർഷിക സംസ്ഥാനങ്ങളിലും രുക്ഷമായ വരൾച്ച അനുഭവപ്പെടുകയാണ് മധ്യപ്രദേശ്, മഹാരാഷ്ട്ര ,തെലുങ്കാന സംസ്ഥാനങ്ങളിലെല്ലാം കഴിഞ്ഞ ദിവസങ്ങളിൽ താപനില 40 ഡിഗ്രി സെൽഷ്യസിലും മുകളിലായിരുന്നു ഇത് അടുത്ത വർഷത്തെ കാർഷിക വിളകളുടെ ഉല്പാദനത്തെയും , വിലയേയും സംബന്ധിച്ചു അത്ര ശുഭകരമായ കാര്യമല്ല. പ്രത്യേകിച്ച് കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനത്തെ ഇത് കാര്യമായി ബാധിക്കാനിടയുണ്ട്.


നെൽകൃഷിയിൽ വ്യാപകമായ നാശം സംഭവിച്ചിട്ടുണ്ടെങ്കിലും പെട്ടെന്നൊരു വിലക്കയറ്റത്തിനുള്ള സാധ്യതയില്ല . നല്ല തോതിലുള്ള നെല്ല് ഉല്പാദനവും നെല്ല് സംഭരണവും നടന്നിട്ടുണ്ടെന്നാണ് വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ.. ഏറ്റവും ഒടുവിലത്തെ റിപ്പോർട്ടുകൾ പ്രകാരം സപ്പ്ളൈകോയുടെ നെല്ല് സംഭരണം നാലു ലക്ഷം ടൺ കവിഞ്ഞിട്ടുണ്ട്. അഖിലേന്ത്യാ തലത്തിൽ എഫ് സി ഐ യുടെ നെല്ല് സംഭരണവും റെക്കോർഡ് തലത്തിലോട്ട് നീങ്ങുകയാണ്. എഫ് സി ഐ യുടെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം 2018 -19 സീസണിൽ ഇതുവരെയായി എഫ് സി ഐ യും സ്റ്റേറ്റ് ഏജൻസികളും ഉൾപ്പെടെ 557 .49 ലക്ഷം ടൺ നെല്ല് സംഭരിച്ചിട്ടുണ്ട് മാർച്ച് മാസത്തിലെ കണക്ക് പ്രകാരം സെൻട്രൽ പൂളിൽ 263 .91 ലക്ഷം ടൺ അരി നീക്കിയിരിപ്പുണ്ട്.

## I. ധാന്യങ്ങൾ

അവലോകനമാസമായ മാർച്ചിൽ അരിയുടെ വിലയിൽ ഏതാണ്ട് സ്ഥിരത നിലനിർത്തി .രൂക്ഷമായ വരൾച്ചയിൽ നെൽകൃഷിയിൽ കാര്യമായ നാശനഷ്ടം ഉണ്ടായെങ്കിലും നെല്ല് സംഭരണവും അരിയുടെ സ്റ്റോക്കും നല്ല രീതിയിൽ പുരോഗമിക്കുന്നതിനാൽ അരിയുടെ വിലയിൽ പെട്ടെന്നൊരു വർദ്ധനവിനുള്ള സാധ്യതയില്ല.

കുട്ടനാട്ടിൽ നിലവിൽ നല്ല തോതിലിനുള്ള നെല്ല് ഉത്പാദനം നടന്നിട്ടുണ്ടെന്നാണ് അവിടെ നിന്നുള്ള റിപ്പോർട്ടുകൾ. അതുപോലെ തന്നെ സപ്പ്ളൈകോയുടെ നെല്ല് സംഭരണം- ഇത്തവണ നിശ്ചയിച്ചതിലും കൂടുതൽ നെല്ല് സംഭരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുവരെയുള്ള കണക്ക് പ്രകാരം നാലു ലക്ഷം ടണ്ണിലധികം നെല്ല് സംഭരിച്ചിട്ടുണ്ട്. പൊതു വിപണിയിലും ആവശ്യത്തിന് അരിയുടെ സ്റ്റോക്ക് ഉണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് അതുകൊണ്ടുതന്നെ വരൾച്ചമൂലമുള്ള കൃഷി നാശത്തെ തുടർന്ന് ഉണ്ടാകാവുന്ന വിലക്കയറ്റത്തെ അതിജീവിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.


| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **41.65** | **37.29** | **37.29** | **0.00** | **-10.47** |
| 2 | ചമ്പ | കിലോഗ്രാം | **43.50** | **41.00** | **41.00** | **0.00** | **-5.75** |
| 3 | റോസ് | കിലോഗ്രാം | **41.78** | **37.81** | **37.90** | **0.24** | **-9.29** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **37.77** | **36.15** | **36.12** | **-0.08** | **-4.37** |
| 5 | ജയ | കിലോഗ്രാം | **40.96** | **35.60** | **35.52** | **-0.25** | **-13.29** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.28** | **35.12** | **35.14** | **0.07** | **8.87** |



## II. പയർ വർഗ്ഗങ്ങൾ

അവലോകനമാസമായ മാർച്ചിൽ പയർ വർഗ്ഗങ്ങളിൽ വർദ്ധനവിന്റെ തോത് കുറഞ്ഞു കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. തുവരപ്പരിപ്പ് ഒഴികെയുള്ള ഇനങ്ങളിൽ കാര്യമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടില്ല.. ഏപ്രിൽ മാസത്തിലും തുവരപ്പരിപ്പ് ഒഴികെയുള്ള ഇനങ്ങളിൽ ഏതാണ്ട് സ്ഥിരത നിലനിർത്താനാണ് സാധ്യത. തുവരപ്പരിപ്പിന്റെ വിലയിൽ വർദ്ധനവിനുള്ള ഒരു പ്രവണത തുടരുകയാണ് ഇത് ഏപ്രിൽ മധ്യത്തോടെ കുറയാനിടയുണ്ട്.. കുറഞ്ഞ ഉല്പാദനവും റാബി സീസണിലെ കാർഷിക വിസ്തൃതിയിലെ കുറവും എൽ നിനോ പ്രതിഭാസത്തിന്റെ സാധ്യതയും കണക്കിലെടുത്തു പയർ വർഗ്ഗങ്ങളുടെ വില പിടിച്ചു നിർത്തുന്നതിനു ഇറക്കുമതി ക്വാട്ട വർദ്ധിപ്പിക്കാനുള്ള സാധ്യതയുണ്ട്. ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം റാബി സീസണിൽ മൊത്തം പയർ വർഗ്ഗങ്ങളുടെ കാർഷിക വിസ്തൃതിയിൽ 5 .3 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു.. നാഫെഡിന്റെ പയർ വർഗ്ഗങ്ങളുടെ സംഭരണം പുരോഗമിക്കുകയാണ് . തെലുങ്കാന,തമിഴ്നാട് ,രാജസ്ഥാൻ, മഹാരാഷ്ട്ര ,എന്നിവിടങ്ങളിൽ നിന്നും ഇതിനകം സംഭരണം ആരംഭിച്ചിട്ടുണ്ട്. മധ്യപ്രദേശ്,ഗുജറാത്ത് ആന്ധ്രപ്രദേശ് ,ഉത്തർപ്രദേശ് ,ഹരിയാന എന്നിവിടങ്ങളിൽ നിന്നും ഈ മാസത്തോടെ സംഭരണം ആരംഭിക്കും


| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.25 | 88.52 | 89.01 | 0.55 | 3.20 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 88.40 | 90.96 | 91.51 | 0.60 | 3.52 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 86.93 | 88.80 | 88.88 | 0.09 | 2.24 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 81.48 | 87.88 | 86.93 | -1.08 | 6.69 |
| 5 | വൻപയർ | കിലോഗ്രാം | 71.14 | 69.50 | 69.23 | -0.39 | -2.68 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 84.00 | 89.11 | 90.79 | 1.89 | 8.08 |
| 7 | കടല(വലുത്) | കിലോഗ്രാം | 79.40 | 76.54 | 76.61 | 0.09 | -3.51 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 66.06 | 72.00 | 71.48 | -0.72 | 8.20 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 42.25 | 66.90 | 66.88 | -0.03 | 58.30 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.83 | 71.67 | 72.05 | 0.52 | -1.07 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

മാർച്ച് 15 വരെയുള്ള കണക്ക് പ്രകാരം പഞ്ചസാരയുടെ ഉത്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച വർദ്ധിച്ചതായാണ് കാണുന്നത് . കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഉണ്ടായിരുന്നതിനേക്കാൾ ആറു ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു . അതുകൊണ്ടുതന്നെ പഞ്ചസാരയുടെ വിലയിൽ വർദ്ധനവിനുള്ള സാധ്യതയില്ല രൂക്ഷമായ ചൂട് കാലാവസ്ഥയിൽ ഉപഭോഗം കുറഞ്ഞതിനാൽ ഇറച്ചിക്കോഴിയുടെ വിലയിൽ കാര്യമായ കുറവ് ദൃശ്യമായി . ഏപ്രിലിലും ഈ കുറവ് തുടരാനാണ് സാധ്യതയെന്നാണ് വിപണിയിൽ നിന്നുള്ള റിപ്പോർട്ട്. തേയിലയുടെ ഉല്പാദനത്തിൽ കാര്യമായ കുറവുണ്ടായതായാണ് വിവിധ ഇടങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് . എന്നാൽ ഉത്തരേന്ത്യയിൽ തേയിലയുടെ ഉത്പാദനം കൂടിയതായാണ് റിപ്പോർട്ട് .ടീ ബോർഡിന്റെ ഫെബ്രുവരിയിലെ കണക്ക് പ്രകാരം ഇന്ത്യയിലെ മൊത്തം തേയിലയുടെ ഉത്പാദനം 14 .69 മില്യൺ കിലോഗ്രാമാണ്. ഇത് കഴിഞ്ഞ വര്ഷം ഇതേ കാലയളവിനേക്കാൾ 8 .98 ശതമാനം കൂടുതലാണ് . എന്നാൽ തെക്കേ ഇന്ത്യയിൽ നിന്നുള്ള ഉല്പാദനത്തിൽ 1 .55 മില്യൺ കിലോഗ്രാമിന്റെ കുറവ് കാണിക്കുന്നു. കോഴിമുട്ടയുടെ വിലയിൽ കുറവ് ദൃശ്യമാണെങ്കിലും മാസാവസാനം ഒരു സ്ഥിരതയുടെ പ്രവണതയാണ് മനസിലാക്കാൻ സാധിക്കുന്നത്. ഏപ്രിൽ മധ്യത്തോടെ മുട്ടയുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന


| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.12 | 36.86 | 37.39 | 1.44 | -1.92 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 145.13 | 154.62 | 155.38 | 0.49 | 7.06 |
| 3 | ശർക്കര | കിലോഗ്രാം | 53.50 | 52.05 | 52.27 | 0.42 | -2.30 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 51.66 | 60.02 | 55.28 | -7.90 | 7.01 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 525.71 | 557.14 | 558.29 | 0.21 | 6.20 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 85.08 | 102.69 | 96.12 | -6.40 | 12.98 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.25 | 147.64 | 147.64 | 0.00 | -0.41 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 162.00 | 161.62 | 161.62 | 0.00 | -0.23 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

അവലോകനമാസമായ മാർച്ചിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കാര്യമായ കുറവ് ദൃശ്യമായിരുന്നു.എന്നാൽ അത്ര ശുഭകരമായ വാർത്തകളല്ല കാർഷിക മേഖലയിൽ നിന്നും കിട്ടികൊണ്ടിരിക്കുന്നത്. കനത്ത ചൂടും വരൾച്ചയും തേങ്ങയുടെ ഉത്പാദനത്തെ കാര്യമായി ബാധിച്ചുകൊണ്ടിരിക്കുകയാണെന്നാണ് വിവിധ ജില്ലകളിൽ നിന്നുള്ള റിപ്പോർട്ട്. കനത്ത ചൂടിൽ തെങ്ങിൽ നിന്നും മച്ചിങ്ങ പൊഴിഞ്ഞു പോവുന്നതായി മിക്ക ജില്ലകളിൽ നിന്നും ലഭിക്കുന്ന വിവരം ഇത് വരും മാസങ്ങളിലെ നാളികേരത്തിന്റെ ഉത്പാദനത്തെ കാര്യമായി ബാധിക്കുന്നതിനും ഇത് തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലക്കയറ്റത്തിലേക്കും നയിച്ചേക്കാം

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 208.61 | 198.18 | 191.00 | -3.62 | -8.44 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.00 | 158.33 | 157.00 | -0.84 | 9.03 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 91.02 | 97.77 | 96.60 | -1.20 | 6.13 |
| 4 | നല്ലെണ്ണ | ലിററർ | 156.27 | 222.11 | 223.14 | 0.46 | 42.79 |
| 5 | കടുക് എണ്ണ | ലിററർ | 140.40 | 141.75 | 140.50 | -0.88 | 0.07 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 93.18 | 98.52 | 99.64 | 1.14 | 6.93 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 91.23 | 98.13 | 97.54 | -0.61 | 6.92 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 222.95 | 199.98 | 187.89 | -6.05 | -15.73 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

മുളകിന്റെ ഉല്പ്പാദനത്തിൽ ഈ വർഷം വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത് . ഇന്ത്യയിൽ ഏറ്റവും കൂടുതൽ മുളക് ഉല്പ്പാദിപ്പിക്കുന്ന ഗുണ്ടൂർ ജില്ലയിൽ ജനുവരി മുതൽ മാർച്ച് വരെയുള്ള കണക്ക് പ്രകാരം 27 ശതമാനം അധിക മുളക് വിപണനത്തിനായി എത്തിയിട്ടുണ്ട് . ഈ വർഷത്തെ അധിക ഉല്പ്പാദനവും കണക്കിലെടുക്കുമ്പോൾ മുളകിന്റെ വിലയിൽ വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല.

അതെ സമയം കുരുമുളകിന്റെ വിലയിൽ കർഷകനെ സംബന്ധിച്ച് നിരാശ മാത്രം ബാക്കിയാവുകയാണ്. വില വർദ്ധിക്കുന്നതിനുള്ള യാതൊരു സാഹചര്യവും നിലവിലില്ല .കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു ഈ വർഷം ഉല്പ്പാദനത്തിൽ കാര്യമായ കുറവ് പ്രതീക്ഷിക്കുന്നെങ്കിലും ഇറക്കുമതി കുരുമുളകിന്റെ ആധിക്യം കാരണം ഉത്തരേന്ത്യയിൽ നിന്നുള്ള ഇന്ത്യൻ കുരുമുളകിനുള്ള ഡിമാൻഡ് ഇപ്പോഴും കുറഞ്ഞു തന്നെ നിൽക്കുകയാണ് .

ഉള്ളിയുടെ വിലയിൽ കാര്യമായ കുറവുണ്ടായി ഏപ്രിലിൽ ഏതാണ്ട് വില സ്ഥിരത നിലനിർത്താനാണ് സാധ്യത. വെളുത്തുള്ളിയുടെ വിലയിൽ കാര്യമായ വർദ്ധനവ് തുടർന്നു എന്നാൽ ഏപ്രിലിൽ വില സ്ഥിരത നിലനിർത്താനാണ് സാധ്യതയുണ്ട്..

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | **90.11** | **91.16** | **91.57** | **0.45** | **1.62** |
| 2 | മുളക് | കിലോഗ്രാം | **109.63** | **127.91** | **126.74** | **-0.91** | **15.61** |
| 3 | ഉള്ളി | കിലോഗ്രാം | **34.08** | **41.04** | **35.21** | **-14.21** | **3.32** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **163.30** | **158.66** | **153.14** | **-3.48** | **-6.22** |
| 5 | ജീരകം | 100 ഗ്രാം | **29.98** | **29.70** | **29.87** | **0.57** | **-0.37** |
| 6 | കടുക് | 100 ഗ്രാം | **8.96** | **9.21** | **9.16** | **-0.54** | **2.23** |
| 7 | ഉലുവ | 100 ഗ്രാം | **9.18** | **9.50** | **9.44** | **-0.63** | **2.83** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.20** | **18.60** | **18.81** | **1.13** | **3.35** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **7.77** | **6.79** | **8.33** | **22.68** | **7.21** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **492.69** | **437.98** | **422.34** | **-3.57** | **-14.28** |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകന മാസമായ മാർച്ചിൽ കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടു മരച്ചീനി ,ചേമ്പ്, കാരറ്റ്, ബീറ്റ്റൂട്ട് എന്നിവയുടെ വിലയിൽ കാര്യമായ വർദ്ധനവുണ്ടായി ഏപ്രിലിലും ഈ വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന

കടുത്ത വരൾച്ചയിൽ പച്ചക്കറി കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷിയിൽ കാര്യമായ വിള നാശം സംഭവിച്ചിട്ടുള്ളതായാണ് റിപ്പോർട്ട് .ഇത് കാരണം വരും മാസങ്ങളിലും വിലയിൽ ഇത് പ്രതിഫലിച്ചേക്കാം

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **38.77** | **32.41** | **32.13** | **-0.86** | **-17.13** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **21.60** | **25.81** | **26.08** | **1.05** | **20.74** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **24.86** | **28.70** | **26.43** | **-7.91** | **6.32** |
| 4 | ചേമ്പ് | കിലോഗ്രാം | **47.68** | **58.25** | **61.34** | **5.30** | **28.65** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **26.32** | **32.04** | **34.57** | **7.90** | **31.34** |
| 6 | കാരററ് | കിലോഗ്രാം | **35.95** | **34.20** | **40.70** | **19.01** | **13.21** |




## VII. പച്ചക്കറി ഇനങ്ങൾ

അവലോകന മാസമായ മാർച്ചിൽ പച്ചക്കറി ഇനങ്ങളിൽ ഏതാണ്ട് എല്ലാ ഇനങ്ങളുടെയും വിലയിൽ കാര്യമായ വർദ്ധനവ് ശ്രദ്ധയിപ്പെട്ടു കടുത്ത വരൾച്ചയും ജല ദൗലഭ്യവും കാരണം വ്യാപകമായ കൃഷി നാശം ഉണ്ടായതായാണ് വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന വിവരം.വിഷു വിപണിയെ ലക്ഷ്യമിട്ടു കൃഷി ചെയ്ത പച്ചക്കറി ഇനങ്ങളിൽ മിക്കതും നശിച്ചതായാണ് റിപ്പോർട്ട്

വിഷുവിനോട് അനുബന്ധിച്ചു പച്ചക്കറികളുടെ വിലയിൽ കൂടുതൽ വർദ്ധനവ് ഉണ്ടാവാനുള്ള സാധ്യതയുണ്ട് പച്ചക്കറികളിൽ മിക്ക ഇനങ്ങൾക്കും മാസാവസാനം വർദ്ധനവിനുള്ള പ്രവണതയാണ് കാണുന്നത് .സവാളയുടെ വിലയിൽ കുറവ് ദൃശ്യമാണെങ്കിലും മാസാവസാനം വർദ്ധനവിനുള്ള ഒരു പ്രവണത ദൃശ്യമാണ്.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 21.32 | 16.29 | 15.69 | -3.68 | -26.41 |
| 2 | വഴുതന | കിലോഗ്രാം | 26.61 | 31.79 | 33.06 | 3.99 | 24.24 |
| 3 | മത്തങ്ങ | കിലോഗ്രാം | 17.39 | 18.02 | 21.40 | 18.76 | 23.06 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.90 | 20.48 | 24.67 | 20.46 | 18.04 |
| 5 | വെണ്ടക്ക | കിലോഗ്രാം | 38.84 | 37.88 | 44.30 | 16.95 | 14.06 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 41.01 | 46.63 | 68.27 | 46.41 | 66.47 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 48.15 | 41.02 | 55.86 | 36.18 | 16.01 |
| 8 | കാബേജ് | കിലോഗ്രാം | 22.91 | 26.79 | 32.39 | 20.90 | 41.38 |
| 9 | പാവയ്ക്ക | കിലോഗ്രാം | 44.58 | 45.84 | 52.07 | 13.59 | 16.80 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 18.55 | 21.93 | 23.86 | 8.80 | 28.63 |
| 11 | പടവലങ്ങ | കിലോഗ്രാം | 29.97 | 29.91 | 34.29 | 14.64 | 14.41 |
| 12 | തക്കാളി | കിലോഗ്രാം | 17.10 | 23.14 | 24.60 | 6.31 | 43.86 |
| 13 | പച്ചമുളക് | 100 ഗ്രാം | 3.98 | 4.79 | 5.98 | 24.84 | 50.25 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 39.57 | 44.04 | 41.66 | -5.40 | 5.28 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 38.58 | 32.20 | 32.34 | 0.43 | -16.17 |




## VIII.പഴവർഗ്ഗങ്ങൾ

അവലോകനമാസമായ മാർച്ചിൽ പഴ വർഗ്ഗങ്ങളിൽ ഏതാണ്ട് സമ്മിശ്രമായ ഒരു പ്രവണതയാണ് വിപണിയിൽ നിന്ന് ലഭ്യമായത്. ഓറഞ്ചിന്റെ വിലയിൽ സ്ഥിരത കണ്ടെങ്കിലും മാസാവസാനം വർദ്ധനവിനുള്ള ഒരു പ്രവണത ദൃശ്യമാണ്. ഏപ്രിലിൽ ചെറിയൊരു വർദ്ധനവോടെ സ്ഥിരത നിലനിർത്താൻ സാധ്യതയുണ്ട് .

ഏത്തപ്പഴം വാഴപ്പഴങ്ങൾ എന്നിവയുടെ വിലയിൽ കുറവ് കണ്ടെങ്കിലും കടുത്ത വരൾച്ചയിൽ വാഴകൃഷിയിൽ വ്യാപകമായ കൃഷിനാശം ഉണ്ടായതായാണ് റിപ്പോർട്ട് ഏപ്രിലിൽ ഒരു വർദ്ധനവിനുള്ള സാഹചര്യം നിലനിൽക്കുന്നു.

കടുത്ത ചൂടിൽ തണ്ണിമത്തന്റെ ഉപഭോഗം കൂടിയതിനാൽ വിലയിൽ അല്പം വർദ്ധനവ് ഉണ്ടായിട്ടുണ്ട് . മാങ്ങയുടെ സീസൺ ആരംഭിച്ചാൽ വിവിധ ഇനം മാങ്ങകൾ വിപണിയിൽ സജീവമായിട്ടുണ്ട് .ഏപ്രിലിൽ വിലയിൽ കുറവുണ്ടാവാൻ സാധ്യതയുണ്ട്.


| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 70.30 | 64.55 | 61.64 | -4.51 | -12.32 |
| 2 | മുസമ്പി | കിലോഗ്രാം | 61.38 | 65.10 | 61.77 | -5.11 | 0.63 |
| 3 | മാതളം | കിലോഗ്രാം | 139.17 | 95.21 | 93.50 | -1.79 | -32.81 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 139.05 | 148.00 | 153.60 | 3.78 | 10.47 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 45.12 | 51.33 | 48.15 | -6.19 | 6.72 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 37.30 | 31.14 | 30.64 | -1.61 | -17.85 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 47.76 | 45.84 | 44.70 | -2.49 | -6.40 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 49.62 | 46.94 | 46.55 | -0.83 | -6.19 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 32.49 | 28.93 | 28.16 | -2.67 | -13.32 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 106.20 | 98.61 | 87.50 | -11.27 | -17.61 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 18.60 | 17.23 | 21.40 | 24.19 | 15.05 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 72.44 | 66.88 | 69.14 | 3.39 | -4.56 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 54.50 | 61.82 | 60.27 | -2.50 | 10.59 |



**IX. ഭക്ഷ്യേതര വസ്തുക്കൾ**

സിമന്റിന്റെ വിലയിൽ കമ്പനികൾ വരുത്തിയ ഭീമമായ വർദ്ധനവിന് ശേഷം സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് വില പതുക്കെ കുറയാൻ തുടങ്ങിയിട്ടുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള വിവരം മാസാരംഭത്തിൽ 420 രൂപ പല ജില്ലകളിലും റിപ്പോർട്ട് ചെയ്ത വില മാസാവസാനം 400 രൂപയ്ക്കടുത്തു എത്തിനിൽക്കുന്നു .ഇത് വീണ്ടും കുറഞ്ഞു ഏപ്രിലോടെ നാനൂറു രൂപയിൽ താഴെ എത്താൻ സാധ്യതയുണ്ട്.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **19.86** | **20.00** | **20.00** | **0.00** | **0.70** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **27.80** | **29.38** | **29.44** | **0.20** | **5.90** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **507.14** | **495.00** | **495.00** | **0.00** | **-2.39** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **382.59** | **407.86** | **412.71** | **1.19** | **7.87** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **377.59** | **402.68** | **407.71** | **1.25** | **7.98** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **53.16** | **54.47** | **54.56** | **0.17** | **2.63** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **41.65** | **37.29** | **37.29** | **0.00** | **-10.47** |
| 2 | ചമ്പ | കിലോഗ്രാം | **43.50** | **41.00** | **41.00** | **0.00** | **-5.75** |
| 3 | റോസ് | കിലോഗ്രാം | **41.78** | **37.81** | **37.90** | **0.24** | **-9.29** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **37.77** | **36.15** | **36.12** | **-0.08** | **-4.37** |
| 5 | ജയ | കിലോഗ്രാം | **40.96** | **35.60** | **35.52** | **-0.25** | **-13.29** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.28** | **35.12** | **35.14** | **0.07** | **8.87** |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | **86.25** | **88.52** | **89.01** | **0.55** | **3.20** |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | **88.40** | **90.96** | **91.51** | **0.60** | **3.52** |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | **86.93** | **88.80** | **88.88** | **0.09** | **2.24** |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | **81.48** | **87.88** | **86.93** | **-1.08** | **6.69** |
| 5 | വൻപയർ | കിലോഗ്രാം | **71.14** | **69.50** | **69.23** | **-0.39** | **-2.68** |
| 6 | തുവരപരിപ്പ് | കിലോഗ്രാം | **84.00** | **89.11** | **90.79** | **1.89** | **8.08** |
| 7 | കടല(വലുത്) | കിലോഗ്രാം | **79.40** | **76.54** | **76.61** | **0.09** | **-3.51** |
| 8 | കടല(ചെറുത്) | കിലോഗ്രാം | **66.06** | **72.00** | **71.48** | **-0.72** | **8.20** |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | **42.25** | **66.90** | **66.88** | **-0.03** | **58.30** |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | **72.83** | **71.67** | **72.05** | **0.52** | **-1.07** |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | **38.12** | **36.86** | **37.39** | **1.44** | **-1.92** |
| 2 | കരുപ്പെട്ടി | കിലോഗ്രാം | **145.13** | **154.62** | **155.38** | **0.49** | **7.06** |
| 3 | ശർക്കര | കിലോഗ്രാം | **53.50** | **52.05** | **52.27** | **0.42** | **-2.30** |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | **51.66** | **60.02** | **55.28** | **-7.90** | **7.01** |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | **525.71** | **557.14** | **558.29** | **0.21** | **6.20** |
| 6 | കോഴി(ബ്റോയിലെർ)(ജീവനുളളത്) | കിലോഗ്രാം | **85.08** | **102.69** | **96.12** | **-6.40** | **12.98** |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | **148.25** | **147.64** | **147.64** | **0.00** | **-0.41** |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | **162.00** | **161.62** | **161.62** | **0.00** | **-0.23** |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **208.61** | **198.18** | **191.00** | **-3.62** | **-8.44** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **144.00** | **158.33** | **157.00** | **-0.84** | **9.03** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **91.02** | **97.77** | **96.60** | **-1.20** | **6.13** |
| 4 | നല്ലെണ്ണ | ലിററർ | **156.27** | **222.11** | **223.14** | **0.46** | **42.79** |
| 5 | കടുക് എണ്ണ | ലിററർ | **140.40** | **141.75** | **140.50** | **-0.88** | **0.07** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **93.18** | **98.52** | **99.64** | **1.14** | **6.93** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **91.23** | **98.13** | **97.54** | **-0.61** | **6.92** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **222.95** | **199.98** | **187.89** | **-6.05** | **-15.73** |

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **90.11** | **91.16** | **91.57** | **0.45** | **1.62** |
| 2 | മുളക് | കിലോഗ്രാം | **109.63** | **127.91** | **126.74** | **-0.91** | **15.61** |
| 3 | ഉള്ളി | കിലോഗ്രാം | **34.08** | **41.04** | **35.21** | **-14.21** | **3.32** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **163.30** | **158.66** | **153.14** | **-3.48** | **-6.22** |
| 5 | ജീരകം | 100 ഗ്രാം | **29.98** | **29.70** | **29.87** | **0.57** | **-0.37** |
| 6 | കടുക് | 100 ഗ്രാം | **8.96** | **9.21** | **9.16** | **-0.54** | **2.23** |
| 7 | ഉലുവ | 100 ഗ്രാം | **9.18** | **9.50** | **9.44** | **-0.63** | **2.83** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.20** | **18.60** | **18.81** | **1.13** | **3.35** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **7.77** | **6.79** | **8.33** | **22.68** | **7.21** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **492.69** | **437.98** | **422.34** | **-3.57** | **-14.28** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **38.77** | **32.41** | **32.13** | **-0.86** | **-17.13** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **21.60** | **25.81** | **26.08** | **1.05** | **20.74** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **24.86** | **28.70** | **26.43** | **-7.91** | **6.32** |
| 4 | ചേമ്പ് | കിലോഗ്രാം | **47.68** | **58.25** | **61.34** | **5.30** | **28.65** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **26.32** | **32.04** | **34.57** | **7.90** | **31.34** |
| 6 | കാരററ് | കിലോഗ്രാം | **35.95** | **34.20** | **40.70** | **19.01** | **13.21** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **21.32** | **16.29** | **15.69** | **-3.68** | **-26.41** |
| 2 | വഴുതന | കിലോഗ്രാം | **26.61** | **31.79** | **33.06** | **3.99** | **24.24** |
| 3 | മത്തങ്ങ | കിലോഗ്രാം | **17.39** | **18.02** | **21.40** | **18.76** | **23.06** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **20.90** | **20.48** | **24.67** | **20.46** | **18.04** |
| 5 | വെണ്ടക്ക | കിലോഗ്രാം | **38.84** | **37.88** | **44.30** | **16.95** | **14.06** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **41.01** | **46.63** | **68.27** | **46.41** | **66.47** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **48.15** | **41.02** | **55.86** | **36.18** | **16.01** |
| 8 | കാബേജ് | കിലോഗ്രാം | **22.91** | **26.79** | **32.39** | **20.90** | **41.38** |
| 9 | പാവയ്ക്ക | കിലോഗ്രാം | **44.58** | **45.84** | **52.07** | **13.59** | **16.80** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **18.55** | **21.93** | **23.86** | **8.80** | **28.63** |
| 11 | പടവലങ്ങ | കിലോഗ്രാം | **29.97** | **29.91** | **34.29** | **14.64** | **14.41** |
| 12 | തക്കാളി | കിലോഗ്രാം | **17.10** | **23.14** | **24.60** | **6.31** | **43.86** |
| 13 | പച്ചമുളക് | 100 ഗ്രാം | **3.98** | **4.79** | **5.98** | **24.84** | **50.25** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **39.57** | **44.04** | **41.66** | **-5.40** | **5.28** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **38.58** | **32.20** | **32.34** | **0.43** | **-16.17** |

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2018 | ഫെബ്രുവരി 2019 | മാർച്ച് 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **പഴവർഗ്ഗങ്ങൾ** | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | **70.30** | **64.55** | **61.64** | **-4.51** | **-12.32** |
| 2 | മുസമ്പി | കിലോഗ്രാം | **61.38** | **65.10** | **61.77** | **-5.11** | **0.63** |
| 3 | മാതളം | കിലോഗ്രാം | **139.17** | **95.21** | **93.50** | **-1.79** | **-32.81** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **139.05** | **148.00** | **153.60** | **3.78** | **10.47** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **45.12** | **51.33** | **48.15** | **-6.19** | **6.72** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **37.30** | **31.14** | **30.64** | **-1.61** | **-17.85** |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | **47.76** | **45.84** | **44.70** | **-2.49** | **-6.40** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **49.62** | **46.94** | **46.55** | **-0.83** | **-6.19** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **32.49** | **28.93** | **28.16** | **-2.67** | **-13.32** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **106.20** | **98.61** | **87.50** | **-11.27** | **-17.61** |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | **18.60** | **17.23** | **21.40** | **24.19** | **15.05** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **72.44** | **66.88** | **69.14** | **3.39** | **-4.56** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **54.50** | **61.82** | **60.27** | **-2.50** | **10.59** |
| | **ഭക്ഷ്യേതര വസ്തുക്കൾ** | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **19.86** | **20.00** | **20.00** | **0.00** | **0.70** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **27.80** | **29.38** | **29.44** | **0.20** | **5.90** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **507.14** | **495.00** | **495.00** | **0.00** | **-2.39** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **382.59** | **407.86** | **412.71** | **1.19** | **7.87** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **377.59** | **402.68** | **407.71** | **1.25** | **7.98** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **53.16** | **54.47** | **54.56** | **0.17** | **2.63** |